**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 552** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ലഹരി വിരുദ്ധ ക്യാമ്പയിൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** എക്സൈസ്സ് വകുപ്പ് മുഖേന 2021 മുതൽ നടപ്പിലാക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിനുകളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** മദ്യത്തിനും മയക്കുമരുന്ന് ദുരുപയോഗത്തിനുമെതിരായ ബോധവൽക്കരണ ക്യാമ്പയിനുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ലഹരി വർജ്ജനം എന്ന ആശയം ഉയർത്തിപ്പിടിക്കുന്നതിനുമായി 2016 ഒക്ടോബറിൽ വിമുക്തി മിഷൻ (കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ) എന്ന പേരിൽ മയക്കുമരുന്ന് വിരുദ്ധ കാമ്പയിൻ നടത്തുന്നതിനുള്ള ഒരു മിഷൻ ആരംഭിച്ചു. വിവിധ സർക്കാർ വകുപ്പുകൾ, എൻ.ജി.ഒ.കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ തുടങ്ങിയവയുടെ സഹായത്തോടെയും എകോപനത്തോടെയും, മദ്യത്തിനും മയക്കുമരുന്നിനുമെതിരെ വിപുലമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, വനിതാ-ശിശു വികസനം, പോലീസ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുടെയും, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, സ്കൗട്സ്& ഗൈഡ്സ്, ലഹരി വിരുദ്ധ ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, കലാകായിക ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെയും ഏകോപനത്തോടെയും വിമുക്തി മിഷൻ വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. വിമുക്തി മിഷൻ പ്രവർത്തനങ്ങൾ പ്രധാനമായും ബോധവൽക്കരണം, കൗൺസിലിംഗ്, ലഹരിമുക്ത ചികിത്സ എന്നിവയാണ്.

**<u>ബോധവൽകരണം</u>**

ലഹരിയുടെ ദുരുപയോഗം, ദൂഷ്യഫലങ്ങൾ, ലഹരി വസ്തുക്കളുടെ കടന്നു വരവിനെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ, ലഹരിയിൽ നിന്നും ഒഴിഞ്ഞു മാറി നിൽക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ലഹരി വസ്തുക്കൾക്കെതിരെയുള്ള പ്രതിരോധം എന്നിവയാണ് പ്രധാനമായും ബോധവൽക്കരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും, അവരിലെ കലാപരവും കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'ഉണർവ്വ്' പദ്ധതി രൂപീകരിക്കുകയും അതിന്റെ ഭാഗമായി സ്കൂളുകളിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യവികസനം, കളിയുപകരണങ്ങൾ വിതരണം എന്നിവ നടത്തുകയും ചെയ്യുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം കുട്ടികളിലൂടെ

പ്രാവർത്തികമാക്കുന്നതിനും, ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും 'ഉണർവ്വ്' പദ്ധതിയ്ക്ക് സാധിച്ചിട്ടുണ്ട്.

ലഹരിവിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും, കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനുമായി, സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ "ടീം വിമുക്തി" എന്ന പേരിൽ, നെറ്റ് ബോൾ, വോളീ ബോൾ, ഹാൻഡ് ബോൾ, ഖോഖോ, കബഡി തുടങ്ങിയ വിവിധ കായിക ഇനങ്ങളിലായി സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുള്ളതാണ്. നിലവിൽ 1500 സ്കൂളുകളിൽ ടീം രൂപീകരിച്ചു. "ടീം വിമുക്തി സ്പോർട്സ് ടീമുകളെ" പങ്കെടുപ്പിച്ചു കൊണ്ട് എക്സൈസ് സർക്കിൾ പരിധി തലത്തിലും, ജില്ലാ തലത്തിലും "ടീം വിമുക്തി"_The Challenge Accepted" എന്ന പേരിൽ ഒരു സ്പോർട്സ് മീറ്റ് എല്ലാ വർഷവും സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. നിലവിൽ 220 മത്സരങ്ങൾ പൂർത്തിയാക്കി.

ലഹരിയുടെ ഉപയോഗം മൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച് കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് നേർവഴി പദ്ധതി നടപ്പിലാക്കി വരുന്നു. (നേർവഴി മൊബൈൽ നമ്പർ 9656178000). 29.09.2022 - ൽ ആരംഭിച്ച ടി പരിപാടിയിൽ ആകെ 812 പരാതികൾ ലഭിച്ചിട്ടുള്ളതാണ്.

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണ്യങ്ങൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനും പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതിയാണ് ബാല്യം അമൂല്യം. പൈലറ്റ് പദ്ധതിയായി ഒരു ജില്ലയിൽ 10 സ്കൂളുകൾ വീതം എല്ലാ ജില്ലകളിലുമായി ആകെ 140 സ്കൂളുകളിൽ ആരംഭിച്ചു. കൂടുതൽ സ്കൂളുകളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സംസ്ഥാനത്തെ എല്ലാ വിഭാഗം സ്കൂളുകളിലും ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. 2025-26 വർഷത്തിൽ സ്കൂൾതലത്തിൽ 5862 ക്ലബ്ബുകൾ രൂപീകരിച്ചു. ടി ക്ലബ്ബുകൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ പ്രിൻസിപ്പലിന്റെ/വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ "നേർക്കൂട്ടം" എന്ന പേരിൽ ഒരു കമ്മിറ്റിക്കും, കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിൽ ഒരു കമ്മിറ്റിക്കും രൂപം നൽകിപ്രവർത്തിച്ചു വരുന്നു. നിലവിൽ 2906 നേർക്കൂട്ടം കമ്മിറ്റികളും 821 ശ്രദ്ധ കമ്മിറ്റികളും സംഘടിപ്പിച്ചിട്ടുണ്ട്.

ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും അവബോധം നൽകുന്നതിനായി "കരുതൽ" എന്ന പേരിലും, വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി "കവചം" എന്ന പേരിലും രണ്ട് കൈപുസ്തകങ്ങൾ തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളതാണ്. ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനായി 2022-2023 വർഷത്തിൽ SCERT യുമായി സഹകരിച്ച് കുട്ടികൾക്കായി "തെളിവാനം വരയ്ക്കുന്നവർ" എന്ന പേരിൽ ഒരു കൈപുസ്തകം തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുള്ളതാണ്.

സോഷ്യോളജി, സൈക്കോളജി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും എം.എസ്.ഡബ്ലിയു. എന്നീ യോഗ്യതയുമുള്ള 32 എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖാന്തിരം

കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകിയി വിമുക്തിമെന്റേഴ്സ് ആയി വിദ്യാലയങ്ങളിലും വീടുകളിലും കുട്ടികൾക്ക് പ്രാഥമിക കൗൺസിലിംഗ് നൽകിവന്നിട്ടുള്ളതാണ്. വിമുക്തി മെന്റേഴ്സ് മുഖേന 2026 മാർച്ച് വരെ 5304 പ്രാഥമിക കൗൺസിലിംഗ് നൽകിയിട്ടുള്ളതുമാണ്.

ജീവിത നൈപുണികളെ അടിസ്ഥാനമാക്കി ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 272 എക്സൈസ് ഉദ്യോഗസ്ഥർക്ക്എക്സൈസ് അക്കാദമിയിൽ വച്ച് NIMHANS മുഖേന പരിശീലനം നൽകിയിട്ടുള്ളതും കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതിന് ഇവരെ നിയോഗിച്ചിട്ടുള്ളതുമാണ്. 2025- 2026 വർഷത്തിൽ സ്കൂൾ തലത്തിൽ 88497 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികളും കോളേജ് തലത്തിൽ 9398 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു.

സമൂഹത്തിലെ ലഹരി ഉപയോഗം ഫലപ്രദമായി പ്രതിരോധിക്കുന്നതിന് സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലെ വാർഡ് തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

ആദിവാസി-തീരദേശ മേഖലകളിൽ ലഹരിവർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ശിൽപ്പശാലകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ/ പി.എസ്.സി പരിശീലന ക്ലാസ്സുകൾ, പി.എസ്.സി രജിസ്ട്രേഷൻ ക്യാമ്പുകൾ, പഠനം ഉപേക്ഷിക്കുന്ന കുട്ടികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്ന പദ്ധതി, ക്വിസ്സ് പ്രോഗ്രാമുകൾ തുടങ്ങിയവ നടപ്പാക്കിവരുന്നു.

ആദിവാസി തീരദേശ മേഖലകളിൽ യുവാക്കളെ ആരോഗ്യ പരിപാലനത്തിന് താൽപ്പര്യം ജനിപ്പിക്കുന്നതിനും ലഹരി മാർഗ്ഗത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ,വയനാട്, കൊല്ലം എന്നീ ജില്ലകളിൽ വിമുക്തിയുടെ ഭാഗമായി ഫിറ്റ്നെസ് കേന്ദ്രങ്ങൾ തയ്യാറാക്കി പ്രവർത്തിച്ചു വരുന്നു.

**<u>കൗൺസിലിംഗ്</u>**

വിമുക്തി മിഷന്റെ കീഴിൽ സംസ്ഥാനത്ത് 3 മേഖല കൗൺസിലിംഗ് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലാണ് ടി കൗൺസിലിംഗ് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നത്. ടി കേന്ദ്രങ്ങളിൽ താൽക്കാലികമായി കൗൺസിലർമാരെ നിയമിച്ചിട്ടുള്ളതാണ്. ടോൾ ഫ്രീ നമ്പർ ആയ 14405 മുഖാന്തിരം ഫോണിലും അല്ലെങ്കിൽ ടി കേന്ദ്രങ്ങളിൽ നിന്നും നേരിട്ടും കൗൺസിലർമാരുടെ സേവനം രാവിലെ 8 മണി മുതൽ രാത്രി 8 മണി സൗജന്യമായി ലഭിക്കുന്നതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലാ കൗൺസിലിംഗ് കേന്ദ്രങ്ങൾ വഴി, 2026 മാർച്ച് വരെ 28131 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്.

**<u>ഡീ-അഡിക്ഷൻ</u>**

ലഹരിക്കടിമപ്പെട്ടവർക്ക് ലഹരിമോചന ചികിത്സ നൽകുന്നതിന് ആരോഗ്യവകുപ്പുമായി സഹകരിച്ച് 14 ജില്ലകളിലും ഒരു ജില്ലാ/താലൂക്ക് ആശുപത്രിയോട് അനുബന്ധിച്ച് വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ മുഖേന 2026 മെയ് വരെ 170336 പേർക്ക് ഒ.പിയിലും 13552 പേർക്ക് ഐ.പിയിലും ചികിത്സ നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും, കോഴിക്കോട് ബീച്ച് ആശുപത്രിയിലും സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള മേഖലാ ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം

ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള മേഖലാ ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

"Public Opinion Survey on Substance Abuse" എന്ന പേരിൽ എക്സൈസ് വകുപ്പ്, വിമുക്തി മിഷൻ എന്നിവയുടെ നേതൃത്വത്തിൽ 26 വ്യത്യസ്ത വിഭാഗങ്ങളിലെ 62,693 വ്യക്തികളിൽ നിന്നും വിവരം (DATA) ശേഖരിച്ച് ഒരു പൊതുജനാഭിപ്രായ സർവ്വേ നടത്തിയിരുന്നു. സർവ്വേയുടെ ഭാഗമായി, ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച്, വിഷയവിദഗ്ധരുടെ ഒരു ടീം രൂപീകരിച്ച്, സമഗ്രമായ വിശകലനത്തിനും ചർച്ചയ്ക്കും വിധേയമാക്കി. അതിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിലെ ലഹരി വസ്തുക്കളുടെ ഉത്പാദനം, വിൽപ്പന, ഉപയോഗം എന്നിവ തടയുന്നതിനും നിയന്ത്രിക്കുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ബോധവൽക്കരണ പരിപാടികൾ കൂടുതൽ ജനകീയമാക്കുന്നതിനും കാര്യപ്രാപ്തിയിൽ എത്തിക്കുന്നതിനും ആവശ്യമായ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വന്നിട്ടുള്ളതുമാണ്.

ലഹരിവിരുദ്ധ പ്രചാരണം ലക്ഷ്യം വച്ചുള്ളസന്ദേശങ്ങൾ തയ്യാറാക്കി വിവിധ അച്ചടി/ദൃശ്യ/ശ്രവ്യ മാധ്യമങ്ങളിലൂടെയും ഫെയിസ് ബുക്ക്, ട്വിറ്റർ,യൂട്യൂബ്, ഇൻസ്റ്റഗ്രാം, വാട്സ്ആപ്പ് തുടങ്ങിയ നവമാധ്യമങ്ങളിലൂടെയും പ്രചരിപ്പിച്ചു വരുന്നു.

അതിഥി തൊഴിലാളി മേഖലകളിൽ ദ്വിഭാഷി സേവനം ഉപയോഗിച്ചുള്ള ബോധവൽക്കരണം നിയമാവബോധം എന്നിവയും വിവിധ ബോധവൽക്കരണ പരിപാടികൾ, മെഡിക്കൽ ദന്തൽ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു. എറണാകുളം വിമുക്തി മിഷന്റെ നേതൃത്വത്തിൽ പെരുമ്പാവൂർ രാജഗിരി ഔട്ട് റീച് പ്രോജക്റ്റുമായി ചേർന്ന് ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസും ഫ്ലാഷ് മോബും മെഗാ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടുകൂടി അല്ലപ്രയിൽ മെഡിക്കൽ ക്യാമ്പ് നടത്തി.

മയക്കമരുന്ന് വ്യാപനത്തിനെതിരെ ജനകീയ പങ്കാളിത്തത്തോടെ സാമൂഹ്യ പ്രതിരോധം തീർക്കുന്നതിനായി സർക്കാർ എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തി 2022 ഒക്ടോബർ 2 മുതൽ ആരംഭിച്ച ലഹരിവിരുദ്ധ ക്യാമ്പയിൻ നാല് ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. 2022 ഒക്ടോബർ 6 ന ആരംഭിച്ച 2022 നവംബർ 1 വരെ ഒന്നാം ഘട്ടം ആയും 2022 നവംബർ 14 ന ആരംഭിച്ച് 2023 ജനുവർ 26 വരെ രണ്ടാം ഘട്ടം ആയും 2023ജൂൺ 26 ന ആരംഭിച്ച 2024 ജനുവരി 30 വരെ മൂന്നാം ഘട്ടമായും, 2024 ജൂൺ 26 ന ആരംഭിച്ച 2025 ജനുവരി 30 വരെ നാലാം ഘട്ടമായും വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യത്യസ്തങ്ങളായ ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തി സംഘടിപ്പിച്ച ലഹരി വിരുദ്ധ ക്യാമ്പയിന്റെ അഞ്ചാം ഘട്ടമായി, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് 2025 ജൂൺ 26 മുതൽ 2026 ജനുവരി 26 വരെ നീണ്ടു നിൽക്കുന്ന ലഹരിവിരുദ്ധ ക്യാമ്പയിൻ നടന്നു വന്നിട്ടുള്ളതുമാണ്.

കേരള സർക്കാരിൻറെ "NO TO DRUGS" ലഹരി വിരുദ്ധ ക്യാംപയിനുമായി ബന്ധപ്പെട്ട് 2025 ആഗസ്റ്റ് 30ന് എക്സൈസ് വകുപ്പും KELSA - യും ചേർന്ന് ലഹരി രഹിത രാഷ്ട്രത്തിനായുള്ള 'നശാമുക്ത് ന്യായ് അഭിയാൻ' എന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ഇടയിൽ ലഹരി സംബന്ധമായ വിഷയങ്ങളിൽ നിയമ അവബോധം, സഹകരണം, ഇടപെടൽ എന്നിവയെക്കുറിച്ച് ബോധാവാന്മാരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി ആരംഭിച്ച പദ്ധതിയാണ് "നശാമുക്ത് ന്യായ അഭിയാൻ" എന്ന ബോധവൽക്കരണ ക്യാമ്പയിൻ. NELSA (National legal services authority) എല്ലാ സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി ആദ്യമായി ആരംഭിച്ച സംസ്ഥാനം കേരളമാണ്.

**(ബി)** വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് 2021 മുതൽ സ്വീകരിച്ച നടപടികളും പുതുതായി നടപ്പിലാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും വിശദമാക്കാമോ?

**മറുപടി:** പുതുതലമുറയെ ലഹരി ഉപയോഗത്തിൽ നിന്നും പൂർണ്ണമായി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളുകൾ കേന്ദ്രമാക്കി എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നതിനോപ്പം യാതൊരു തരത്തിലുള്ള ലഹരി വസ്തുക്കളും സ്കൂളുകളിൽ എത്തുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനായും ലഹരി കച്ചവടക്കാരുടെ സാമീപ്യം സ്കൂൾ പരിസരത്തു നിന്നും ഉന്മൂലനം ചെയ്യുന്നതിനും സ്കൂൾ പരിസരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് കർശനമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. 2026 ജനവരി മുതൽ മെയ് വരെ വിദ്യാലയ പരിസരങ്ങളിൽ 18317 പരിശോധനകൾ നടത്തിയതിൽ 1008 COTPA കേസുകൾ കണ്ടെടുത്തു പിഴ ഇടാക്കിയിട്ടുണ്ട്. സ്കൂളുകളും പരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ച് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു രണ്ടാഴ്ച മുൻപേ ആരംഭിക്കുന്നതാണ്. സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെ Abon Kit ഉപയോഗിച്ച് പരിശോധന നടത്തി, ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയാൽ തുടർ നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. സ്കൂൾ, കോളേജ് പരിസരങ്ങളിലും സ്കൂൾ പരിസരത്തെ കടകളിലും ലഹരി മരുന്നുകൾ, പുകയില ഉത്പന്നങ്ങൾ, ലഹരി അടങ്ങിയ മറ്റ് വസ്തുക്കൾ തുടങ്ങിയവ കണ്ടെത്തുന്നതിനായി ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ തുടർച്ചയായി നടത്തി, ലഹരിവസ്തുക്കൾ വില്പന നടത്തുന്നില്ലെന്ന് ഉറപ്പു വരുത്തുകയും ഇത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ കണ്ടെത്തിയാൽ നിയമ നടപടി സ്വീകരിക്കുന്നതോടൊപ്പം ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ശുപാർശ നൽകി ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഓരോ ജില്ലയിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദ വിവരങ്ങൾ, റെയ്ഞ്ച് അടിസ്ഥാനത്തിൽ ശേഖരിക്കുകയും ഓരോ സ്കൂളിലേയും എക്സൈസുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി ഒരു എക്സൈസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി, ലഭ്യമായ പരാതികളിൽ ഉടൻ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. സ്കൂൾ പരിസരത്ത് സ്ഥിരമായി വന്നു പോകുന്ന യുവാക്കളെ പ്രത്യേകം നിരീക്ഷിക്കുകയും അവരെക്കുറിച്ചുള്ള വ്യക്തിവിവരങ്ങൾ ശേഖരിക്കുകയും ഏതൊക്കെ വിദ്യാർത്ഥികളുമായി ബന്ധപ്പെടാൻ ശ്രമിക്കുന്നുവെന്നും അവർ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണോ എന്നും പരിശോധനകൾ നടത്തി വരുന്നു. സ്കൂളുകളിൽ ലഹരി എത്തിക്കുന്ന മാർഗ്ഗങ്ങൾ നിരീക്ഷണങ്ങളിലൂടെയും നാട്ടുകാരുടെ സഹായത്തോടെയും കണ്ടെത്തി ആയതു നിയമപരമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. സ്കൂൾ പരിസരങ്ങളിൽ രാവിലെ സ്കൂൾ തുറക്കുന്നതിനും സ്കൂൾ വിടുന്നതിനും അര മണിക്കൂർ മുൻപ് വനിതാ സിവിൽ എക്സൈസ് ഓഫീസർമാർ ഉൾപ്പെടെ മഫ്ടിയിൽ രഹസ്യ നിരീക്ഷണം നടത്തി വരുന്നു. സ്കൂൾ വിദ്യാർത്ഥികൾ പുകയില, മയക്കമരുന്ന്, മദ്യം എന്നിവ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാലോ വിദ്യാർത്ഥികളെപ്പറ്റി അത്തരം വിവരം ലഭിച്ചാലോ ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതും അത്തരം വിവരം ലഭിച്ചാൽ മാതാപിതാക്കളുമായി ബന്ധപ്പെട്ട് കൗൺസലിംഗ്, തുടർ ചികിത്സകൾ മുതലായ ഉചിതമായ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. ഇത്തരം കർശന നടപടികളിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നതാണ്. സ്കൂൾ കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി വിൽപ്പനക്കെതിരെ കുട്ടികൾക്ക് അവബോധം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നിലവിൽ വിവിധ പദ്ധതികളാണ് ബോധവൽക്കരണ വിഭാഗം നടപ്പാക്കിയിട്ടുള്ളത്.

വിദ്യാഭാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതുമായി ബന്ധപ്പെട്ട ബോധവൽക്കരണ വിഭാഗം ശക്തമാക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ലഘുലേഖകൾ അച്ചടിച്ച് വിദ്യാലയങ്ങളിൽ വിതരണം ചെയ്ത് വന്നിട്ടുണ്ട്. വിദ്യാലയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 272 എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്. വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു വന്നിട്ടുള്ളതാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കോളേജുകളിൽ "ശ്രദ്ധ" "നേർക്കൂട്ടം" കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹു:ഹൈക്കോടതിയുടെ റീജിയണൽ കൊളോക്യത്തിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കിയ SOP പ്രകാരമുള്ള നടപടികൾ വിദ്യാലയങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ സ്കൂൾ കലണ്ടറിൽ ഓരോ മാസവും നടത്തേണ്ട ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ആയതു പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സ്കൂളിലെ പ്രധാന അദ്ധ്യാപകനെ നേരിട്ട് കണ്ട് സ്കൂൾ വിദ്യാർത്ഥികൾ പുകയില, മയക്കമരുന്ന്, മദ്യം എന്നിവ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാലോ അത്തരം വിദ്യാർത്ഥികളെപ്പറ്റി വിവരം ലഭിച്ചാലോ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനുള്ള നിർദ്ദേശം നൽകി വരുന്നു. സ്കൂൾ പരിസരത്തെ കടകളിൽ പരിശോധന നടത്തി പുകയില ഉൽപ്പന്നങ്ങൾ, മയക്കമരുന്ന് എന്നിവ കുട്ടികൾക്ക് വില്പന നടത്താൻ സൂക്ഷിച്ച് വെച്ചിട്ടില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും അത്തരക്കാർക്ക് എതിരെ നിയമ നടപടി സ്വീകരിക്കുന്നതോടൊപ്പം അത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയ്ക്ക് കത്ത് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ലഹരിക്കെതിരെ കുട്ടികളിൽ കായിക ലഹരി വളർത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂളുകളിൽ "ഉണർവ്" പദ്ധതി , വിമുക്തി സ്പോർട്സ് ടീം പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. ചെറിയ പ്രായം മുതൽ കുട്ടികളിൽ നല്ല ശീലം വളർത്തുന്നതിനു "ബാല്യം അമൂല്യം" പദ്ധതി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടത്തി വരുന്നു. കുട്ടികളിലെ ലഹരി ഉപയോഗം അദ്ധ്യാപകരുടെ സഹായത്താൽ ലഭ്യമാക്കി നടപടികൾ സ്വീകരിക്കുന്നതിനുള്ള "നേർവഴി" പദ്ധതി നടപ്പാക്കി വരുന്നു. ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുള്ള അദ്ധ്യാപക പരിശീലനങ്ങൾ മോഡ്യൂൾ തയ്യാറാക്കൽ എന്നിവയും വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പാക്കി വരുന്നുണ്ട്.

<u>ഓപ്പറേഷൻ തണ്ടർ</u>

28.05.2026 മുതൽ "ഓപ്പറേഷൻ തണ്ടർ" എന്ന പേരിൽ എക്സൈസ് വകുപ്പ് തീവ്ര എൻ.ഡി.പി.എസ്. സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി ഇതുവരെ 828 NDPS കേസുകൾ കണ്ടെടുക്കുകയും 763 പ്രതികളിൽ 732 പേരെ അറസ്റ്റ് ചെയ്യുകയും 607025 രൂപ തൊണ്ടിയായി കണ്ടെടുക്കുകയും 29 വാഹനങ്ങൾ സർക്കാരിലേക്ക് കണ്ട് കെട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 7.94 ഗ്രാം ബ്രൗൺ ഷുഗർ, 14 കഞ്ചാവ് ബീഡി, 3 കഞ്ചാവ് സിഗററ്റ്, 133.790 കി ഗ്രാം കഞ്ചാവ്, 190 കഞ്ചാവ് ചെടികൾ, 27 ഗ്രാം ഹാഷിഷ്, 48.773 ഗ്രാം ഹാഷിഷ് ഓയിൽ, 164.76 ഗ്രാം ഹെറോയിൻ, 7 ഗ്രാം ഹൈബ്രിഡ് കഞ്ചാവ്, 461.135 ഗ്രാം MDMA, 60.766 ഗ്രാം മെത്താംഫിറ്റാമിൻ, 14.42 ഗ്രാം നൈട്രോസെഫാം, 315 ഗ്രാം THC Candy, 36 e-cigaratte എന്നിവ കണ്ടെടുത്തിട്ടുണ്ട്.

അതിഥി തൊഴിലാളികൾ തിങ്ങി പാർക്കുന്ന പെരുമ്പാവൂർ മേഖലകളിൽ ലഹരി ഉപയോഗവും, വിൽപ്പനയും വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശങ്ങളിൽ എക്സൈസ് വകുപ്പ് പോലീസുമായും തൊഴിൽ വകുപ്പുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച് പ്രത്യേക പരിശോധനകളും സംയുക്ത റെയ്ഡുകളും രഹസ്യാന്വേഷണ പ്രവർത്തനങ്ങളും

ശക്തിപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥലങ്ങളിൽ എക്സൈസ് വകുപ്പ് 6748 റെയ്ഡുകൾ നടത്തുകയും 505 NDPS കേസുകളിലായി 313.867 Kg കഞ്ചാവും, 1139.926 ഗ്രാം ഹെറോയിനും, 1.615 Kg ഹാഷിഷ് ഓയിലും, 20.339 ഗ്രാം MDMA-യും ഉൾപ്പടെയുള്ളവ കണ്ടെത്തി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഈ സർക്കാരിന്റെ 18.05.2026 മുതൽ 18.06.2026 വരെയുള്ള ഒരു മാസക്കാലയളവിൽ പ്രസ്തുത മേഖലകളിൽ നടത്തിയ 227 റെയ്ഡുകളിലായി 29 എൻ.ഡി.പി.എസ്. കേസുകളും, 23 അബ്കാരി കേസുകളും, കോട്പ (COTPA) നിയമപ്രകാരം 104 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസുകളിൽ 24 പേരെയും അബ്കാരി കേസുകളിൽ 23 പേരെയും അറസ്റ്റ് ചെയ്ത് നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കേസുകളിൽ നിന്നായി 54.392 ഗ്രാം ഹെറോയിൻ, 1.198 കിലോഗ്രാം കഞ്ചാവ്, 5 കഞ്ചാവ് ചെടികൾ, 35 കിലോഗ്രാം നിരോധിത പുകയില ഉൽപ്പന്നങ്ങൾ, 65.750 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യം, 6.500 ലിറ്റർ ബിയർ എന്നിവയും, തൊണ്ടിമുതലായി 72,600/- രൂപയും പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ, കോട്പ നിയമപ്രകാരമുള്ള കേസുകളിൽ 20,800/- രൂപ പിഴയായി ഈടാക്കിയിട്ടുമുണ്ട്.

അതിഥി തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകൾ, വിദ്യാലയ-കോളേജ് പരിസരങ്ങൾ, ആളൊഴിഞ്ഞ കെട്ടിടങ്ങൾ, പൊതുസ്ഥലങ്ങൾ, ലഹരി ഇടപാടുകൾക്ക് സാധ്യതയുള്ള മറ്റ് കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് കർശനമായ പരിശോധനകളും സംയുക്ത റെയ്ഡുകളും രഹസ്യാന്വേഷണ പ്രവർത്തനങ്ങളും നടത്തി വരുന്നു.

<u>മയങ്ങില്ല കേരളം</u>

മയക്കുമരുന്ന് ഉപയോഗത്തിനും അനധികൃത കടത്തിനും എതിരായ അവബോധം സൃഷ്ടിക്കുന്നതിനും, പൊതുസമൂഹത്തെ ഒന്നാകെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനമായ ജൂൺ 26-ന് “മയങ്ങില്ല കേരളം” എന്ന പേരിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര മയക്കുമരുന്ന് വിരുദ്ധ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കയാണ്. സർക്കാർ വകുപ്പുകൾ, സാമൂഹ്യ-സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, വാർഡ്തല ജനജാഗ്രതാ സമിതികൾ, സാമൂഹ്യപ്രവർത്തകർ, ജനപ്രതിനിധികൾ, കുടുംബശ്രീ-ആശാപ്രവർത്തകർ, ക്ലബ്ബുകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ നിന്നുള്ളവരുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുക. “ജനജാഗ്രതാ വോളന്റിയർമാർ” ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും എക്സൈസ് വകുപ്പിനെ സഹായിക്കും.

“മയങ്ങില്ല കേരളം” പദ്ധതിയുടെ ഭാഗമായി നിലവിലുള്ള വിമുക്തി പ്രവർത്തനങ്ങൾക്ക് പുറമെ കൂടുതൽ ശക്തമായ ലഹരിവിരുദ്ധ ക്യാമ്പയിനുകൾ സംഘടിപ്പിക്കും. ലഹരി ഉപയോഗം ആരംഭത്തിൽ തന്നെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനൊപ്പം ചികിത്സ ആവശ്യമായവർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തും.

<u>ജനജാഗ്രതാ വെബ് പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും</u>

എക്സൈസ് വകുപ്പിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ എല്ലാ സേവനങ്ങളും വിവരങ്ങളും പൊതുജനങ്ങൾക്ക് കൂടി ലഭ്യമാകുന്നതിന് ഒരു ജനജാഗ്രതാ വെബ് പോർട്ടലും ഒരു മൊബൈൽ ആപ്ലിക്കേഷനും ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. ബോധവൽക്കരണം, കൗൺസിലിംഗ്, ഡീ-അഡിക്ഷൻ ചികിത്സ തുടങ്ങിയവയുമായി ബന്ധപ്പെട്ട സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനും, പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ പരാതികൾ, ആവശ്യങ്ങൾ, അഭിപ്രായങ്ങൾ എന്നിവ സർക്കാരിലേക്ക് നൽകുന്നതിനും ഇത് വഴി സാധിക്കും.

<u>പുനരധിവാസ കേന്ദ്രങ്ങൾ</u>

ഡി-അഡിക്ഷൻ ചികിത്സയ്ക്ക് ശേഷമുള്ള പിന്തുണാ സംവിധാനങ്ങൾക്ക് എക്സൈസ് വകുപ്പിന്റെ കീഴിൽ നിലവിൽ പുനരധിവാസ കേന്ദ്രങ്ങൾ ഇല്ല. മാതൃകാ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളും "മയങ്ങില്ല കേരളം" പദ്ധതിയുടെ ഭാഗമാണ്.

<u>കെമിക്കൽ ലാബ്</u>

കേസുകളിൽ പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ രാസപരിശോധനാ ഫലം ലഭിക്കാൻ വൈകുന്നത് പലപ്പോഴും കേസുകളെ പ്രതികൂലമായി ബാധിക്കുന്നതിനാൽ എക്സൈസ് വകുപ്പിന് സ്വന്തമായി ഒരു കെമിക്കൽ ലാബ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

<u>ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ</u>

ലഹരി വസ്തുക്കളുമായി പിടികൂടുന്നവരുടെ കൈവശമുള്ളത് ലഹരി വസ്തുക്കളാണ് എന്ന് പ്രാഥമികമായി ഉറപ്പാക്കുന്നതിനു ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകളുടെ അഭാവം പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. സിന്തറ്റിക് മയക്കുമരുന്നുകൾ മറ്റു മാർഗത്തിൽ പരിശോധിക്കാൻ സാധിക്കാത്തതിനാൽ ഫീൽഡുകളിൽ ഉപയോഗിക്കുന്നതിനു ആവശ്യമായ ഗുണനിലവാരമുള്ള ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന് കീഴിൽ മാതൃകാ റേഞ്ച് ഓഫീസ് രൂപീകരിക്കുന്ന വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ച വരികയാണ്.

<u>സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ</u>

എക്സൈസ് വകുപ്പിന് കീഴിൽ State Narcotics Control Bureau രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കും

വിദ്യാലയങ്ങളും കോളേജുകളും കേന്ദ്രീകരിച്ചുള്ള ലഹരി വ്യാപനം തടയുന്നതിനായി അധ്യാപകർ, രക്ഷിതാക്കൾ, പി.ടി.എ., വിദ്യാർത്ഥി സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, ജനകീയ ജാഗ്രതാ പരിപാടികൾ, ലഹരി ഉപയോഗം സംബന്ധിച്ച വിവരങ്ങൾ കൈമാറുന്നതിനുള്ള സംവിധാനങ്ങൾ എന്നിവയും ശക്തിപ്പെടുത്തിയിട്ടുണ്ട്. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സർക്കാർ വകുപ്പുകൾ, നിയമപാലന ഏജൻസികൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ ഏകോപിതവും തുടർച്ചയായതുമായ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**